എറണാകുളം, കോഴിക്കോട്, വയനാട്, തിരുവനന്തപുരം എന്നീ ജില്ലകളിൽ സർക്കാർ ഉടമസ്ഥതയിൽ ഉള്ള ആറ് മൊത്തവ്യാപാര വിപണികൾ പൂർണ്ണമായും പ്രവർത്തനക്ഷമമാകുമ്പോൾ കാർഷികോല്പന്നങ്ങൾ ഗ്രേഡ് ചെയ്ത് ബ്രാന്റ് ചെയ്ത് സുതാര്യമായി വിപണനം നടത്താനുള്ള സംവിധാനം ഉണ്ടാകുന്നതുമൂലം കർഷകർക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനും അതോടൊപ്പം ഗുണനിലവാരമുള്ള കാർഷികോല്പന്നങ്ങൾ മിതമായ വിലയ്ക്ക് ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാനും കഴിയും.

റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യസാധനങ്ങൾ

79 [362] ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യ സാധനങ്ങൾ എന്തെല്ലാമാണ്;

(ബി) 2001 മേയ് മാസത്തിനുശേഷം ഓരോ വർഷവും വിതരണം ചെയ്ത അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ എന്നിവയുടെ അളവ് എത്രയാണ്;

(സി) സംസ്ഥാനത്തിന് അർഹതപ്പെട്ട അളവിൽ അരിയും മണ്ണെണ്ണയും മറ്റും ലഭിക്കുന്നില്ല എന്ന പരാതി പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) 'അന്നപൂർണ്ണ', 'അന്ത്യോദയ' സൗജന്യ റേഷൻ തുടങ്ങിയ പദ്ധതികളിലൂടെ ഇപ്പോൾ അരി വിതരണം നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ ഓരോ പദ്ധതിയിലുമായി എത്രപേർക്ക് അരി നൽകുന്നുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് റേഷൻ കടകൾ വഴി അരി, ഗോതമ്പ്, പഞ്ചസാര എന്നീ ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്യുന്നു.

(ബി) ഓരോ വർഷവും വിതരണം ചെയ്ത അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ എന്നിവയുടെ അളവ് ചുവടെ ചേർക്കുന്നു:

കാലയളവ്	വിതരണം ചെയ്ത			
	അരി	ഗോതമ്പ് (മെട്രിക് ടണ്ണിൽ)	പഞ്ചസാര	മണ്ണെണ്ണ (കിലോ ലിറ്റർ)
6/01-3/02	377884	96492	54685	287459
4/02-3/03	439692	156887	12965	304496
4/03-11/03	340829	95318	5413	192536

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്തിന് അർഹമായ അരി വിഹിതം ലഭിക്കുന്നുണ്ട്. എന്നാൽ സംസ്ഥാനത്തിന് ആവശ്യപ്പെടുന്നതനുസരിച്ചുള്ള മണ്ണെണ്ണ അനുവദിക്കുന്നില്ല. ഈ കാര്യം നിരന്തരം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താറുണ്ട്.

(ഡി) ഉണ്ട്. അന്നപൂർണ്ണ - 45465 പേർക്ക്

അന്ത്യോദയ - 354998 കുടുംബങ്ങൾക്ക്.

മണ്ണെണ്ണ വിതരണത്തിലെ അപാകത

80 [363] ശ്രീ. ടി. യു. രാധാകൃഷ്ണൻ :

ശ്രീമതി രാധാരാഘവൻ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

,, എഴുകോൺ നാരായണൻ :

,, കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എല്ലാ റേഷൻ കാർഡ് ഉടമകൾക്കും മണ്ണെണ്ണ അനുവദിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രതിമാസം എത്ര ലിറ്റർ വീതം;

(സി) അനുവദിച്ച മണ്ണെണ്ണ എല്ലാ കാർഡുടമകളും വാങ്ങാറുണ്ടോ;

(ഡി) കാർഡുടമകൾ മണ്ണെണ്ണ വാങ്ങാത്തപക്ഷം അടുത്ത അലോട്ട്മെന്റിന് വാങ്ങാതിരുന്ന മണ്ണെണ്ണ കഴിച്ചുള്ള അളവാണോ കടകൾക്ക് അനുവദിക്കാറുള്ളത്;

(ഇ) തിരുവനന്തപുരം നഗരത്തിൽ പ്രതിമാസം മണ്ണെണ്ണ വാങ്ങാത്ത കാർഡ് ഉടമകളുടെ ശരാശരി എണ്ണം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വൈദ്യുതീകരിച്ച വീടുകൾക്ക് 2 ലിറ്റർ വീതവും, വൈദ്യുതീകരിക്കാത്ത വീടുകൾക്ക് 5 ലിറ്റർ വീതവും മണ്ണെണ്ണ പ്രതിമാസം അനുവദിക്കുന്നുണ്ട്.

(സി) എല്ലാ കാർഡുടമകളും വാങ്ങാറില്ല.

(ഡി) അതേ.

(ഇ) ശരാശരി 910 കുടുംബങ്ങൾ മണ്ണെണ്ണ വാങ്ങാറില്ല.

LIBRARY ARCHIVES Kerala Legislative Assembly